Draft #1 of File 16616/SF 1/2/2019/SF 1 Approved by ASSISTANT REGISTRAR IV ADMINISTRATION on 14-May-2019 12:50 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സർവ്വകലാശാല നേരിട്ട് നടത്തിയിരുന്ന സ്വാശ്രയ സ്ഥാപനങ്ങളുടെ എംപ്ലോയീസ് പ്രൊവിഡൻറ് ഫണ്ട് കുടിശ്ശിക - അടയ്ക്കുന്നത് - സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സെൽഫ് ഫിനാൻസിങ് 1 സെക്ഷൻ**

നമ്പർ. 2032/SF 1/2019/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 14.05.2019

---

പരാമർശം:-30.04.2019 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിൻറെ മിനിറ്റ്സ് ഇനം നം. ഒ.എ. 15/19.03

**ഉത്തരവ്**

2016-17 അദ്ധ്യയന വർഷം വരെ സർവ്വകലാശാല നേരിട്ട് നടത്തിയിരുന്ന സ്കൂൾ ഓഫ് ടെക്നോളജി ആൻറ് പ്ലൈഡ് സയൻസസ് (STAS), സ്കൂൾ ഒഫ് മെഡിക്കൽ എഡ്യൂക്കേഷൻ (SME), യൂണിവേഴ്സിറ്റി കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ (UCTE) എന്നീ സ്വാശ്രയ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ഏപ്രിൽ 2009 മുതൽ ജൂലൈ 2017 വരെയുള്ള കാലയളവിലെ ഇ.പി.എഫ് കുടിശ്ശികയിനത്തിൽ യഥാക്രമം 11,16,544/- രൂപ, 4,64,164/- രൂപ, 12,45,664/- രൂപ (ആകെ 28,26,372/- രൂപ (ഇരുപത്തിയെട്ട് ലക്ഷത്തി ഇരുപത്തി ആറായിരത്തി മുന്നൂറ്റി എഴുപത്തിരണ്ട് രൂപാ മാത്രം)) അടിയന്തിരമായി അടയ്ക്കുവാൻ ഇ.പി.എഫ് ഓർഗനൈസേഷൻ സർവകലാശാലയോട് നിർദ്ദേശിക്കുകയുണ്ടായി. 30.04.2019 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗം ഈ വിഷയം പരിഗണിക്കുകയും മേൽപരാമർശ പ്രകാം താഴെപ്പറയുന്ന തീരുമാനം കൈക്കൊള്ളുകയും ചെയ്തു.

"സർവകലാശാല മുമ്പ് നടത്തിവന്നിരുന്നതും പിന്നീട് സെൻറർ ഫോർ പ്രൊഫഷണൽ ആൻറ് അഡ്വാൻസ്ഡ് സ്റ്റഡീസ് (CPAS) എന്ന സൊസൈറ്റിക്ക് കൈമാറിയതുമായ സ്വാശ്രയ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ഏപ്രിൽ 2009 മുതൽ ജൂലൈ 2017 വരെയുള്ള കാലഘട്ടങ്ങളിലെ ഇ.പി.എഫ് കുടിശ്ശികയും പിഴയും പലിശയും ചേർത്തുള്ള ആകെ തുകയായ 28,26,372/- രൂപ (ഇരുപത്തിയെട്ട് ലക്ഷത്തി ഇരുപത്തി ആറായിരത്തി മുന്നൂറ്റി എഴുപത്തിരണ്ട് രൂപാ മാത്രം) ഉടനടി അടയ്ക്കുന്നതിനും അടുത്ത സിൻഡിക്കേറ്റ് യോഗത്തിൽ ഇതു സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുവാൻ നിർദ്ദേശിക്കുന്നതിനും തീരുമാനിച്ചു."

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

തങ്കപ്പൻ .എ

അസിസ്റ്റന്റ് രജിസ്ട്രാർ 4 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

1. ഡയറക്ടർ, CPAS
2. വി.സി, പി.വി.സി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറി
3. രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ
4. ജെ.ആർ III (ഭ.വി)
5. എ.സി.സി സെക്ഷൻ
6. ലീഗൽ സെക്ഷൻ/എസ്.എഫ് ലീഗൽ
7. ജനറൽ ക്യാഷ് (കോട്ടയം അസിസ്റ്റൻറ് പി.എഫ് കമ്മീഷണറുടെ പേരിൽ ഡിമാൻറ് ഡ്രാഫ്റ്റ് നൽകുന്നതിന്.)
8. ഫിനാൻസ് ഓഡിറ്റ് IV
9. സ്റ്റോക്ക് ഫയൽ/റിക്കോർഡ്സ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #1 of File 16616/SF 1/2/2019/SF 1 Approved by ASSISTANT REGISTRAR IV ADMINISTRATION on 14-May-2019 12:50 PM - Page 2